പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3514        15.07.2015-ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ ഡോക്ടർമാരുടെ തസ്തികകൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. ഇ. ചന്ദ്രശേഖരൻ** | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ സർക്കാർ (അലോപ്പതി) ആശുപത്രി കളിൽ എത്ര ഡോക്ടർമാരുടെ തസ്തികകളാണ് ഉള്ളതെന്ന് ആശുപത്രി തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ; | (എ) & (ബി) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്ന സ്ഥിരം ഡോക്ടർമാരുടെയും താൽക്കാലിക ഡോക്ടർമാരുടെയും എണ്ണം ആശുപത്രി തിരിച്ച് വിശദമാക്കാമോ; | |
| (സി) ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ; | (സി) അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകളിലേയ്ക്ക് കാസർഗോഡ് ജില്ലയിൽ ഉൾപ്പെടെ പി.ജി പഠനം പൂർത്തിയാക്കി വരുന്ന മെഡിക്കൽ ആഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. കൂടാതെ പി.എസ്.സി നിയമന ശുപാർശ ലഭിച്ചിട്ടും നാളിതുവരെ ജോലിയിൽ ഹാജരാകാത്ത (NJD) ഉദ്യോഗാർത്ഥികളുടെ എണ്ണം തിട്ടപ്പെടുത്തി പി.എസ്.സി-യിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

| | |
|---|---|
| | സ്പെഷ്യാലിറ്റി കേഡറിലെ ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ നികത്തുന്നതിനുവേണ്ടി സർവീസിൽ പി.ജി ബിരുദമുള്ള മെഡിക്കൽ ആഫീസർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് പ്രാഥമിക പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേലുള്ള അപ്പീൽ പരിശോധിച്ച് അന്തിമപട്ടിക തയ്യാറാക്കി വിവിധ സ്പെഷ്യാലിറ്റികളിലുള്ള സീനിയർ കൺസൾട്ടന്റ്, ചീഫ് കൺസൾട്ടന്റ് എന്നീ തസ്തികകളിലേക്ക് താൽക്കാലിക പ്രമോഷൻ നൽകി ഒഴിവുകൾ നികത്തി വരുന്നു. അഡ്മിനിസ്ട്രേറ്റീവ് കേഡറിലെ ഒഴിവുകളും താൽക്കാലിക പ്രമോഷൻ നൽകി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി)കാസർഗോഡ് ജില്ലയിലെ ഡോക്ടർമാർക്ക് നൽകി വരുന്ന ഇൻസെന്റീവ് കൃത്യമായി നൽകുന്നുണ്ടോ;<br><br>(ഇ)ഇല്ലെങ്കിൽ എത്ര മാസത്തെ കുടിശികയുണ്ട്; അത് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) & (ഇ) കാസർഗോഡ് ജില്ലയിലെ ഡോക്ടർമാർക്ക് എൻ.ആർ.എച്ച്.എം മുഖേന 20,000/- രൂപയാണ് ഇൻസെന്റീവായി നൽകി വരുന്നത്. ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം 2013 ആഗസ്റ്റിനുശേഷം ഇൻസെന്റീവ് നൽകാനായിട്ടില്ല. ഇത് നൽകുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്